LAITY VOICE

2016 JUNE | Volume: 6 | No: 12

# PRAY ALWAYS, DON'T LOSE HEART:POPE



We are to pray always without becoming weary, for God always answers us.

Pope Francis reminded the faithful of this reality during his weekly General Audience this morning in St. Peter's Square, as he continued his catechesis for the Holy Year of Mercy, turning to Jesus' parable of the unjust judge and the widow (Lk 18:1-8).

The Holy Father recalled that Jesus tells us that even an unscrupulous judge will finally render justice to a poor woman because of her persistence. In the Lord recounting this, the Jesuit Pope explained, He encourages us to persevere in prayer to our heavenly Father, who is infinitely just and loving.

"The Lord," the Pope suggested, "also assures us that God will not only hear our prayers, but will not delay in answering them." In giving us this parable, Francis explained that Jesus tells us to "pray always and not lose heart."

"All experience moments of fatigue and discouragement, especially when our prayers seem ineffective. But Jesus assures us: unlike the unjust judge, God answers His children promptly, although this does not mean necessarily doing it in the time and manner that we would like."

"Prayer is not a magic wand! It helps to keep faith in God, to trust in Him even when we do not understand His will"

The Gospels tell us that Jesus himself prayed constantly. His own intense prayer in the Garden of Gethsemane is a model for our own: it teaches us to present our petitions with complete trust in Father's gracious will.

Concerned about his upcoming anguish, Jesus prayed to the Father to deliver Him from the Passion, but ultimately His prayer is overtaken by trust in the Father. Although Jesus' wish was not the Father's will, He trusted. "The object of prayer," the Pontiff explained, "is of secondary importance; what matters above all is the relationship with the Father." "This is what prayer does: it transforms the desire and model according to the will of God, whatever it is, because who prays, aspires, first of all, for union with the Father, Who is

(Contn.page.5)



# സഭയെ സംരക്ഷിക്കുവാൻ വിശ്വാസിയുണ്ട്, വിശ്വാസിയെ സംരക്ഷിക്കുവാൻ ആരുണ്ട്?

2013 ഏപ്രിൽ 11-13 തീയതികളിൽ എറണാകുളത്തു നടന്ന കേരള അല്മായ അസംബ്ലിയിൽ ജീവിതത്തിന്റെ നല്ലൊരുസമയം സഭാപ്രവർത്തനങ്ങൾക്കായി മാറ്റിവെച്ച് ഇന്നും സജീവ സാന്നിധ്യമായ ഒരു അല്മായനേതാവ് പങ്കുവെച്ച വാക്കുകൾ മനസിൽ നിറയുന്നു: **"സഭയെ സംരക്ഷിക്കുവാൻ വിശ്വാസിയുണ്ട്, വിശ്വാസിക്കൊരു പ്രശ്നം വന്നാൽ കൂടെ നിൽക്കുവാനും സഹായിക്കാനും ആരുണ്ട്? ആരെയും വെല്ലുവിളിക്കുകയോ ആക്ഷേപിക്കുകയോ അല്ല ഈ ചോദ്യം. തികഞ്ഞ ആത്മാർത്ഥതയും ഉള്ളിന്റെയുള്ളിലെ സ്നേഹനൊമ്പരങ്ങളുമാണ് അദ്ദേഹത്തിന്റെ ഈ പങ്കുവയ്ക്കലിനു പിന്നിൽ.** ന്യായങ്ങളും ന്യായീകരണങ്ങളും മറുപടികളും പലർക്കുമുണ്ടാകാം. പക്ഷേ, നിരന്തരം കണ്ടുകൊണ്ടിരിക്കുന്ന ചില യാഥാർത്ഥ്യങ്ങളുടെ മുമ്പിൽ എത്രനാൾ നമുക്ക് മുഖം തിരിച്ച് നിൽക്കാനാവും?

അല്മായരിലൂടെ രൂപപ്പെടുന്ന കുടുംബങ്ങളാണ് സഭയുടെ ഏറ്റവും ചെറിയ പതിപ്പ്. കുടുംബങ്ങളിൽ നിന്നാണ് വൈദികരും സന്യസ്തരും ജന്മമെടുക്കുന്നത്. വിശ്വാസസമൂഹത്തിന്റെ വരും തലമുറകളെ വാർത്തെടുക്കുന്നതും ഈ പ്രാദേശിക സഭയിൽ നിന്നുതന്നെ. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആധുനിക കാലഘട്ടത്തിൽ സഭാസംവിധാനങ്ങളോടുള്ള അല്മായ മനോഭാവത്തേയും വീക്ഷണത്തേയും വിമർശനബുദ്ധ്യാ വിലയിരുത്തുവാനും ആത്മാർത്ഥമായി പഠിക്കുവാനും ആരെങ്കിലും ശ്രമിച്ചിട്ടുണ്ടോ എന്നു സംശയമുണ്ട്. ശ്രമിക്കാത്തത് ഒരു പക്ഷേ ബോധപൂർവ്വമായിരിക്കും. ഒരു കാര്യം വളരെ വ്യക്തമാണ്, വലിയ വെല്ലുവിളികളുടെയും പ്രതിസന്ധികളുടെയും നടുവിലാണ് കേരള സഭയിലെ അല്മായ സമൂഹം.

സഭാനിയമങ്ങളിൽ അല്മായരുടെ കടമകളും ഉത്തരവാദിത്വങ്ങളും പ്രതിപാദിക്കുന്നുണ്ട്. പൗരസ്ത്യ കാനോൻ നിയമത്തിലെ പത്താം ശീർഷകത്തിൽ 399 മുതൽ 409 വരെയുള്ള കാനോനകൾ അല്മായ ദൗത്യം സൂചിപ്പിക്കുന്നതാണ്. ഭൗതീകതലങ്ങളിൽ വ്യാപരിക്കുന്ന അല്മായരുടെ ക്രൈസ്തവസാക്ഷ്യവും ഉത്തരവാദിത്വവും ഇവയിൽ അക്കമിട്ട് തുടർന്നു പ്രതിപാദിക്കുന്നു. **"തിരുപ്പട്ടം സ്വീകരിക്കാത്തവരോ സഭ അംഗീകരിച്ചിട്ടുള്ള സന്യാസസഭകളിൽ പെടാത്തവരോ ആയ എല്ലാ വിശ്വാസികളുമാണ് അല്മായർ എന്ന നാമത്തിൽ വിവക്ഷിക്കുന്നത്" (LG 31).** സഭാ ചരിത്രത്തിലെ സുപ്രധാനമായിരുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപനങ്ങൾ അഞ്ച് പതിറ്റാണ്ടുകൾ പിന്നിട്ടിരിക്കുന്നു. അല്മായ പ്രേഷിതത്വത്തെക്കുറിച്ചുള്ള കൗൺസിൽ ചർച്ചകളും ഡിക്രികളും വിശ്വാസിസമൂഹത്തിൽ കുളിരുകോരി. അല്മായർ സഭയുടെ ശക്തിയും, ചൈതന്യവും, പ്രതീക്ഷയുമാണെന്ന് കൗൺസിൽ വിളിച്ചോതുക മാത്രമല്ല, ഇന്നും ഇടയലേഖനങ്ങളും പ്രബോധനങ്ങളും വഴി വിശ്വാസിസമൂഹത്തെ ഇതു ബോധ്യപ്പെടുത്തുവാനും സഭ ശ്രമിക്കുന്നുമുണ്ട്. അല്മായ ഹൃദയങ്ങളിലേയ്ക്ക് ഈ ബോധ്യം എത്തിക്കുവാനും **കുടുംബങ്ങളിൽ വിശ്വാസചൈതന്യം നിലനിർത്തുവാനും**



**അല്മായ സമൂഹത്തെ വിശ്വാസത്തിലെടുത്ത് സഭ ശക്തിപ്പെടുത്തുവാനും കൂട്ടായ്മയിൽ നിലനിന്നുകൊണ്ട് സഭാഗാത്രത്തെ രൂപപ്പെടുത്തുന്ന പ്രക്രിയയിൽ പങ്കുകാരാകുവാനും നമുക്കായിട്ടുണ്ടോയെന്ന് പുനർവിചിന്തനം അനിർവാര്യമാണ്.**

സഭയുടെ സംരക്ഷണം വിശ്വാസികളുടെ കടമയും ദൗത്യവുമാണെന്നുള്ളതിൽ സംശയമില്ല. മാത്രവുമല്ല, സഭാസംരക്ഷണം വിശ്വാസത്തിന്റെ സംരക്ഷണവുമാണ്. വിശ്വാസസത്യങ്ങൾക്കുവേണ്ടി പോരാടി ജീവിതവും ജീവനും സമർപ്പിച്ച ഒട്ടനവധി രക്തസാക്ഷികളുടെ പോരാട്ട ചരിത്രങ്ങൾ ഇന്നത്തെ തലമുറയുടെ മനസിലും നിറഞ്ഞുനിൽക്കുന്നു. ഈ ചരിത്രത്തിന്റെ പേരിൽ നാം ഊറ്റംകൊള്ളാറുമുണ്ട്. അല്മായ ശുശ്രൂഷയും പ്രവർത്തനവും സാക്ഷ്യവും ഏറ്റവുംകൂടുതൽ ആവശ്യമായിരിക്കുന്ന ഈ കാലഘട്ടത്തിൽ അല്മായരെ

സംബന്ധിച്ചുള്ള ദൈവശാസ്ത്രപരമായ ദർശനങ്ങളും കൗൺസിൽ ഡിക്രികളിലെ കാഴ്ചപ്പാടുകളും പങ്കുവെച്ചിട്ടും കൊട്ടിഘോഷിച്ചിട്ടും മാത്രം അല്മായ ശക്തീകരണമെന്ന ലക്ഷ്യത്തിലെത്തുവാനോ സഭാമക്കളെ കോർത്തിണക്കി മുന്നേറുവാനോ നമുക്കാവില്ല. പ്രായോഗിത തലത്തിലും ജീവിത സാഹചര്യങ്ങളിലും പ്രവർത്തി മണ്ഡലങ്ങളിലും ഇവ നടപ്പിലാക്കുവാനുള്ള ആത്മാർത്ഥ സമീപനവും ആർജവത്വവും സഭാനേതൃത്വത്തിലും സംവിധാനങ്ങളിലുമുണ്ടാകേണ്ടതല്ലേ?

ക്രൈസ്തവ സമൂഹത്തിന്റെ വിശാലമായ രാഷ്ട്രീയ സാമുദായിക കാഴ്ചപ്പാടുകൾ നല്ലതുതന്നെ. പക്ഷേ അതിന് അതിർവരമ്പുകളുണ്ട്. എല്ലാ മതവിഭാഗങ്ങളും തമ്മിൽ സ്നേഹവും സൗഹാർദ്ദവും ഊട്ടിയുറപ്പിക്കുന്ന ഉയർന്ന ചിന്തകളും വിശാലമായ ചിന്തകളും പങ്കുവെയ്ക്കലുകളും ആധുനിക കാലഘട്ടത്തിൽ അത്യാവശ്യമാണ്. ഇതര മതങ്ങളുമായുള്ള സൗഹാർദ്ദം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ക്രൈസ്തവ വിശ്വാസത്തെ ബലികൊടുക്കുക എന്നതല്ല. മത സൗഹാർദ്ദത്തിന്റെ ഭാഗമായി അമ്പലങ്ങളിൽ പൂജനടത്തുന്നത്

**രൂപതകളും, ഇടവകകളും നടത്തുന്ന സഭാശുശ്രൂഷകളിൽ മാത്രമാണ് അല്മായ വിശ്വാസികൾക്ക് അല്പമെങ്കിലും പരിഗണന ലഭിക്കുന്നത്. സന്യസ്ത വൈദികരും, സന്യാസിനിമാരും നടത്തുന്ന സ്ഥാപനങ്ങൾക്ക് അല്മായ സമൂഹത്തോട് എന്ത് പ്രതിബദ്ധതയാണ് ഇന്നുള്ളത്? സഭയുടെ സ്ഥാപനങ്ങളെന്നും ശുശ്രൂഷകളെന്നും കൊട്ടിഘോഷിക്കുകയും സഭയിലെ അല്മായർക്കു അടിസ്ഥാന നീതി നിഷേധിക്കുകയും ചെയ്യുന്ന ഇവരുടെ ശുശ്രൂഷകളിൽ സാമുദായിക പ്രതിബദ്ധതയും വിശ്വാസത്തിന്റെ പങ്കുവെയ്ക്കലും കൈമോശംവന്നിട്ടുണ്ട്.**

ഒരു ക്രൈസ്തവ വിശ്വാസിക്കു ചേർന്നതാണോ? ഇവിടങ്ങളിലെ ആരാധനാമൂർത്തികളെ പ്രസാദിപ്പിക്കുവാൻ തുലാഭാരംനടത്തി കടന്നുവരുന്ന ക്രൈസ്തവ രാഷ്ട്രീയ നേതാക്കളെ സഭയുടെ വേദികളിൽ സ്വീകരിച്ചിരുത്തി തലമുറകളായി കാത്തുസൂക്ഷിച്ച് പങ്കുവെച്ച വിശ്വാസത്തെ വെല്ലുവിളിക്കുക മാത്രമല്ല, എതിർസാക്ഷ്യങ്ങളെ ആദരിച്ച് ക്രൈസ്തവ വിശ്വാസികൾക്ക് തെറ്റായ സന്ദേശം നൽകുന്നത് അല്മായരല്ല എന്നത് പ്രത്യേകം ഓർമ്മിക്കണം.

ഇടവകകളിൽ ട്രസ്റ്റിമാരും, രൂപതകളിൽ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും സെക്രട്ടറിമാരും, വിവിധ അല്മായ സംഘടനകളുടെ ഭാരവാഹികളുമെല്ലാം, സഭയുടെ അല്മായ പ്രതിനിധികളും നേതാക്കളുമാണ്. സ്റ്റേജ് കെട്ടുക, തോരണം തൂക്കുക, മുത്തുക്കുട പിടിക്കുക, പടക്കം പൊട്ടിക്കുക എന്നതിനപ്പുറം സഭയുടെ വിവിധ ശുശ്രൂഷാ തലങ്ങളിൽ ഇവരോട് മാന്യതയുടെ ഒരു സമീപനം സ്വീകരിക്കുവാൻ പലപ്പോഴും സഭാനേതൃത്വത്തിനാകുന്നുണ്ടോ? അല്മായ ശക്തീകരണത്തെക്കുറിച്ച് ശക്തമായി സംസാരിക്കുമ്പോഴും ഇടവക മുതൽ വിവിധ സഭാതലങ്ങളിലും പൊതുവേദികളിലും നിന്ന് അല്മായർ പുറംതള്ളപ്പെടുക മാത്രമല്ല സഭയ്ക്കുവേണ്ടി സംസാരിക്കുവാനും പൊതുസമൂഹത്തിൽ വീറോടെ വാദിക്കുവാനും അല്മായരേയും വിശ്വാസികളേയും കിട്ടാനില്ലാത്ത സാഹചര്യമാണ് രൂപപ്പെട്ടിരിക്കുന്നതെന്ന് വൈകിയെങ്കിലും തിരിച്ചറിയണം.

സഭാസംവിധാനത്തോടുള്ള വിശ്വാസിസമൂഹത്തിന്റെ പ്രത്യേകിച്ച്, അല്മായരുടെ നിലപാടുകളും കാഴ്ചപ്പാടുകളും ഇന്ന് കൂടുതൽ പഠനവിഷയമാക്കേണ്ടിയിരിക്കുന്നു. സ്ഥാപനങ്ങളുടെ നടത്തിപ്പിനുവേണ്ടിയാണോ സഭയെന്ന ചിന്തയും പല തലങ്ങളിലും ഉയർന്നുവന്നിട്ടുണ്ട്. സഭാസ്ഥാപനങ്ങളിലൂടെ വർഷിക്കപ്പെടുന്ന നന്മകളെക്കുറിച്ചും ഇവയിലൂടെ അല്മായ സമൂഹത്തിൽ ഉണ്ടായ സമഗ്ര വളർച്ചയെക്കുറിച്ചും സാമൂഹിക ഉയർച്ചയെക്കുറിച്ചും വിശ്വാസികളെ ബോധ്യപ്പെടുത്തുന്നതിൽ നാം പരാജയപ്പെട്ടുവോ? ക്രൈസ്തവ സഭയുടെ വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലെ ഉന്നതമായ സേവനങ്ങളെ അടച്ചാക്ഷേപിക്കാനും അഭിവന്ദ്യ പിതാക്കന്മാരേയും, വൈദിക സന്യസ്തരേയും അവഹേളിക്കുവാനും സഭാവിരുദ്ധ കേന്ദ്രങ്ങൾ ഇന്നലകളിൽ ശ്രമിച്ചപ്പോൾ, സഭാസ്ഥാപനങ്ങളിൽ ജോലി ചെയ്യുകയും അങ്ങനെ നേടുന്ന വരുമാനങ്ങളിലൂടെ കുടുംബങ്ങൾ കരുപിടി പ്പിക്കുകയും, വിദ്യാഭ്യാസം നടത്തി ഉന്നത നിലയിലെ ത്തുകയും ചെയ്തിട്ടുള്ളവർ മൗനവ്രതത്തിലായിരുന്നുവെന്നത് മറക്കരുത്. **നന്മകൾ മുഴുവൻ വാരിപ്പുണർന്നിട്ട് സഭാശുശ്രൂഷകളെ അവഹേളിക്കുന്നവരുടെ പക്ഷം ചേരുന്നവരുടെ എണ്ണം പെരുകുമ്പോൾ നമ്മുടെ സാമൂഹ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലെ ക്രൈസ്തവ സാക്ഷ്യ ത്തെക്കുറിച്ച് ഒരു ആത്മപരിശോധന അയിടന്തരമാണ്.**

ക്രൈസ്തവ സഭകൾ നടത്തുന്ന വിദ്യാഭ്യാസ ആരോഗ്യ മുൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളിലെ ഇന്നുനേരിടുന്ന ക്രൈസ്തവമൂല്യത്തകർച്ച എഴുതിത്തള്ളാനാകില്ല. **ഉന്നതമായ പാരമ്പര്യം വിളിച്ചറിയിക്കുമ്പോഴും സഭാമക്കളോട് സത്യസന്ധതയും മാന്യതയും സൗഹാർദ്ദവും പുലർത്തുവാനും ഉന്നതമായ മൂല്യങ്ങൾ തലമുറകൾക്ക് പങ്കുവയ്ക്കുവാനും സഭാസ്ഥാപനങ്ങൾ ക്കാവുന്നുണ്ടോ? സാമൂഹ്യനീതിയെക്കുറിച്ച് ആവേശം കാണിക്കുമ്പോഴും സഭാമക്കളോട് നീതി പുലർത്തു ന്നുണ്ടോ?** സർക്കാരിന്റെ എതിർപ്പുകൾ വരുമ്പോൾ പ്രത്യയശാസ്ത്രത്തിന്റെ അധിനിവേശം ഉയർത്തിക്കാട്ടി സ്ഥാപനങ്ങൾക്കു കാവൽ കിടക്കുന്ന ചാവേറുകൾക്കപ്പുറം സഭാമക്കൾക്ക് എന്തു പങ്കാളിത്തവും പരിഗണനയുമാണ് പലപ്പോഴും ക്രൈസ്തവ സ്ഥാപനങ്ങളിലുള്ളതെന്ന് വിലയിരുത്തുന്നത് അവസരോചിതമാണ്. സ്വന്തം മക്കളെ പട്ടിണിക്കിട്ടിട്ട് സമൂഹത്തിലെ ഇതര വിഭാഗങ്ങൾക്ക് സേവനം ചെയ്യുന്നതാണോ സാമൂഹ്യനീതിയെന്ന് വിശ്വാസികൾ പലരും വ്യാഖ്യാനിച്ചു തുടങ്ങിയിരിക്കുന്നു.

അല്മായവിശ്വാസികളെ സംരക്ഷിക്കുവാൻ ഇന്ന് ആരുണ്ട്? അല്മായന് ഒരു പ്രശ്നം വന്നാൽ സഹായമേകുവാനും കൂടെ നിൽക്കുവാനും ആരുണ്ട്? ഈ ആരുമില്ലാത്ത അവസ്ഥയാണ് സഭാസംവിധാനങ്ങളിൽ നിന്നും സഭ നേരിടുന്ന പൊതുവായ പ്രശ്നങ്ങളിൽ നിന്നും അല്മായ വിശ്വാസികൾ ഓടിയകലുന്നതിന്റെയും അതിരൂക്ഷമാകുന്ന നിസംഗതയുടെയും അടിസ്ഥാനകാരണമെന്നത് നാം തിരിച്ചറിയണം. വിശ്വാസത്തേക്കാളുപരി വിദ്യാഭ്യാസ സ്ഥാപനങ്ങളാണോ കേരള സഭയ്ക്ക് വലുത് എന്ന ചിന്തയും പല അല്മയാരും വേദനയോടെ പങ്കുവയ്ക്കുന്നത് കേൾക്കാനിടയായിട്ടുണ്ട്. ഒരു പക്ഷേ, ചില തെറ്റായ ധാരണകളായിരിക്കാം ഇത്തരം പങ്കുവയ്ക്കലുകൾക്കു പിന്നിലുള്ളത്. ഒരു കാര്യം വ്യക്തമാണ്. വിശ്വാസത്തിന്റെയും ദൈവസ്നേഹത്തിന്റെയും പങ്കുവെയ്ക്കലുകൾക്കും, സഭാമക്കളുടെ കൂട്ടായ്മകൾക്കും വളർച്ചയ്ക്കും സഭാസ്ഥാപനങ്ങളും ശുശ്രൂഷകളും ഉപകരിക്കുന്നില്ലെങ്കിൽ വിശുദ്ധഗ്രന്ഥത്തിൽ സൂചിപ്പിക്കുന്ന ഫലംതരാത്ത വൃക്ഷത്തോട് ഇവയെ ഉപമിക്കേണ്ടിവരും.

സ്ഥാപനങ്ങൾക്കു പ്രതിസന്ധിവരുമ്പോൾ മാത്രം സമുദായാംഗങ്ങളെ തേടിയെത്തുന്ന മനോഭാവങ്ങൾക്കു മാറ്റം വരണം. സഭാസ്ഥാപനങ്ങളിൽ നിന്ന് വിശ്വാസികളെ പടിയിറക്കിയതി

നുശേഷം സാമൂഹ്യനീതിക്കുവേണ്ടി വാദിക്കുന്നതിൽ എന്തർത്ഥം? **രൂപതകളും, ഇടവകകളും നടത്തുന്ന സഭാശുശ്രൂഷകളിൽ മാത്രമാണ് അല്മായ വിശ്വാസികൾക്ക് അല്പമെങ്കിലും പരിഗണന ലഭിക്കുന്നത്. സന്യസ്ത വൈദികരും, സന്യാസിനിമാരും നടത്തുന്ന സ്ഥാപനങ്ങൾക്ക് അല്മായ സമൂഹത്തോട് എന്ത് പ്രതിബദ്ധതയാണ് ഇന്നുള്ളത്? സഭയുടെ സ്ഥാപനങ്ങളെന്നും ശുശ്രൂഷകളെന്നുമുള്ള മേൽവിലാസത്തിൽ ഇക്കൂട്ടർ പടുത്തുയർത്തുന്ന സ്ഥാപനങ്ങളിൽ സഭയിലെ വിശ്വാസിസമൂഹത്തിനു അടിസ്ഥാന നീതി നിഷേധിക്കുന്നുവെന്നു മാത്രമല്ല ഇവരുടെ ശുശ്രൂഷകളിൽ**




**സാമുദായിക പ്രതിബദ്ധതയും വിശ്വാസത്തിന്റെ പങ്കുവെയ്ക്കലും കൈമോശംവന്നിട്ടുണ്ട്.** സഭയുടെ എല്ലാ ഭൗതീക ശുശ്രൂഷകളിലും അല്മായർക്ക് പരിഗണനയും പങ്കാളിത്തവും മാത്രമല്ല, മാന്യമായ സ്ഥാനവും സമീപനവും അനിവാര്യമാണ്.

അണുകുടുംബങ്ങളായി ക്രൈസ്തവ കുടുംബങ്ങൾ മാറിയിരിക്കുന്നു. ഇക്കാര്യത്തിൽ സഭയുടെ നിലപാടുകളും മുന്നറിയിപ്പുകളും സ്വീകരിക്കുന്നതിലും മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതിലും നമ്മുടെ അല്മായ സമൂഹം മടികാണിക്കുന്നതിനു പിന്നിലുള്ള കാരണങ്ങൾ ആരെങ്കിലും പഠനവിഷയമാക്കിയിട്ടുണ്ടോ? കുട്ടികളുടെ എണ്ണം കൂടിയാൽ സഭ വളരുമോ? കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ച് വളരേണ്ടതാണോ സഭ? സുവിശേഷം പങ്കുവെച്ച് ജീവിതമാതൃകകളും സാക്ഷ്യങ്ങളും വിവിധ ശുശ്രൂഷകളും വഴി മറ്റുള്ളവരെ സഭയിലേയ്ക്ക് അഥവാ ക്രിസ്തുവിലേയ്ക്ക് ആകർഷിക്കുന്നതിൽ നാം പരാജയപ്പെട്ടിരിക്കുന്നു. സഭയുടെ വിവിധ ശുശ്രൂഷകൾ സുവിശേഷവൽക്കരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിക്കുകയാണെന്നുള്ള തോന്നലുകൾ ഇന്നു വ്യാപകമായിരിക്കുകയാണ്.

വിദ്യാഭ്യാസം, ആരോഗ്യം, ആതുരശുശ്രൂഷ തുടങ്ങിയ വിവിധ മേഖലകളിൽ സഭയുടെ സംഭാവനകളും ശുശ്രൂഷകളും നിരവധിയുണ്ട്. നൂറ്റാണ്ടുകളുടെ നിസ്വാർത്ഥ സേവന ചരിത്രം നമ്മെ എതിർക്കുന്നവർ പോലും അംഗീകരിക്കുന്നതാണ്. വിശ്വാസിസമൂഹത്തിന്റെ നിർലോഭമായ എല്ലാവിധത്തിലുമുള്ള സഹകരണവും പ്രോത്സാഹനവുമാണ് ഈ ശുശ്രൂഷകളുടെയെല്ലാം അടിത്തറയെന്നതും പിടിയരി പിരിച്ചും മുണ്ട് മുറുക്കിയുടുത്തും കഷ്ടപ്പാടിന്റെ ലോകത്ത് എല്ലാം നഷ്ടപ്പെട്ട പൂർവ്വികർ നൽകിയ സഭാസേവനത്തിന്റെ ബാക്കിപത്രമാണ് പല ക്രൈസ്തവ സ്ഥാപനങ്ങളുമെന്ന് ഇന്ന് ഇവയ്ക്ക് നേതൃത്വം കൊടുക്കുന്നവർ പലപ്പോഴും മറന്നുപോകുന്നു. നമ്മുടെ വിവിധങ്ങളായ ശുശ്രൂഷകളിൽ യേശുവിനെ പൊതുസമൂഹത്തിന് നൽകുവാൻ സാധിക്കുന്നില്ലെങ്കിൽ എന്തു വിശ്വാസപ്രതിബദ്ധതയും ക്രിസ്തീയ പങ്കുവയ്ക്കലുമാണെന്നുള്ളത് സഭാമക്കളിൽ ഒന്നാകെ നിസംഗതയും നിരാശയും വന്നുചേർന്നിട്ടുണ്ട്. ഇതിനു പ്രധാനകാരണം വിശ്വാസികളെ വിശ്വാസത്തിലെടുക്കാതെയുള്ള പ്രവർത്തനരീതിയാണ്. ഒരു ഉയർത്തെഴുന്നേൽപ്പിന്റെ സമയമാണിത്.

ലോകത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് സംവിധാനങ്ങൾക്കും പ്രവർത്തനശൈലികൾക്കും മാറ്റങ്ങളുണ്ടാകണമെന്നത് ശരിതന്നെ. ആധുനികതയുടെ മേഖലകളിൽ പുത്തനറിവിന്റെയും പുത്തൻ സംസ്കാരത്തിന്റെയും ഉയരങ്ങളിലേയ്ക്ക് കൈപിടിക്കുമ്പോഴും, മാറ്റങ്ങൾക്ക് വിധേയമല്ലാത്തതാണ് ക്രൈസ്തവ പാരമ്പര്യത്തിലൂടെ, പൂർവ്വ പിതാക്കളിലൂടെ, കുടുംബങ്ങളിലൂടെ നമ്മുടെ ഉള്ളിന്റെയുള്ളിൽ വെള്ളിവെളിച്ചമായി ജ്വലിച്ചു നിൽക്കുന്ന വിശ്വാസതീഷ്ണത. ഈ വിശ്വാസ തലങ്ങളിലൂടെ നീങ്ങുവാൻ നമുക്കാകണം. നമ്മുടെ ശുശ്രൂഷയുടെ തലങ്ങളിലെ മുന്തിയ പരിഗണനകൾ വിശ്വാസത്തിന്റെയും ക്രൈസ്തവ മൂല്യങ്ങളുടെയും സാക്ഷ്യങ്ങളാകണം. **സിബിഎസ്സി സ്കൂളുകളും, പ്രൊഫഷണൽ കോളജുകളും, ഹൈടെക് ആശുപത്രികളും, ആധുനികതയുടെയും ആർഭാടത്തിന്റെയും ഒട്ടനവധി മന്ദിരങ്ങളും ചൂണ്ടിക്കാട്ടി ഇതാണ് വിശ്വാസ സാക്ഷ്യമെന്നു പറയുന്ന ഗതികെട്ട അവസ്ഥ മാറണം.** വിശുദ്ധരുടെ പേരിൽ നാമകരണം ചെയ്തിരിക്കുന്ന സ്ഥാപനങ്ങളുടെ നന്മകൾ ചോർന്നു പോയിട്ടുണ്ടോയെന്ന് വിലയിരുത്തണം. **നീതി നിഷേധിക്കപ്പെട്ടിരിക്കുന്ന വിശ്വാസിസമൂഹത്തിന്റെ അടങ്ങാത്ത രോഷം ഉയർന്നു പൊങ്ങുന്നത് വരുംനാളുകളിൽ വലിയ ഭവിഷ്യത്തുകൾക്കിടനൽകും.** സാമൂഹ്യ



നീതിയുടെ ബഹുവർണ്ണചിത്രം സമൂഹത്തിൽ ഉയർത്തിക്കാട്ടി മാന്യത കണ്ടെത്താൻ ശ്രമിക്കുമ്പോഴും നിസ്വാർത്ഥ സേവനത്തിന്റെ നന്മകൾ വരച്ചുകാട്ടുമ്പോഴും വിശ്വാസിസമൂഹത്തിന്റെ പിൻബലം ഉറപ്പാക്കുന്നില്ലെങ്കിൽ വരും നാളുകളിൽ ഭാരതത്തിലെ പ്രത്യേകിച്ച് കേരളത്തിലെ ക്രൈസ്തവസഭകളുടെ ഭൗതികശുശ്രൂഷകളിൽ വൻ വെല്ലുവിളികൾ നേരിടേണ്ടിവരും. സഭാസ്ഥാപനങ്ങളിലേയ്ക്ക് നുഴഞ്ഞുകയറുന്ന ബാഹ്യശക്തികളുടെ സ്വാധീനവലയത്തിൽ ക്രൈസ്തവ സ്ഥാപനങ്ങൾ വഴിവിട്ടുചിന്തിച്ചാൽ തകർന്നടിയുന്നത് തലമുറകൾ അമൂല്യനിധിയായി കാത്തുസൂക്ഷിച്ച് പൊതുസമൂഹത്തിന് കൈമാറിയ അതുല്യസംഭാവനകളും വിശ്വാസമൂല്യങ്ങളും സാക്ഷ്യങ്ങളുമാണെന്ന് ഓർക്കുന്നത് നല്ലത്.

**ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
ചീഫ് എഡിറ്റർ

## PRAY ALWAYS......

merciful love."

The Pope then reminded those present that the parable of the unjust judge and the widow ends with a pointed question: "When the Son of Man comes, will he find faith on earth"? (v. 8). Stressing that perseverance in prayer keeps our faith alive and strong, the Holy Father noted how, in our prayer, we experience the compassion of God "who, like a Father filled with love and mercy, is ever ready to come to the aid of His children."

Pope Francis concluded, urging those gathered to ask the Lord for an unceasing, persevering faith, like that of the widow in the parable.

**Source: zenit.org**

## മദ്യവർജനനയം കൊണ്ട് സമ്പൂർണ മദ്യനിരോധനം നടപ്പാക്കാനാവില്ല: ഏകോപന സമിതി

കൊച്ചി: മദ്യവർജനം എന്ന ബോധവത്കരണ നയംകൊണ്ട് സമ്പൂർണ മദ്യനിരോധനം നടപ്പാക്കാനാവില്ലെന്നു കേരള മദ്യവിരുദ്ധ ഏകോപന സമിതി സംസ്ഥാന നേതൃസമ്മേളനം. അടച്ചുപൂട്ടിയ ബാറുകൾ തുറക്കാൻ തീരുമാനിച്ചാൽ ആ നീക്കത്തെ ജനങ്ങൾ ചെറുത്തു തോൽപ്പിക്കും. മദ്യനിരോധനം എന്ന ആത്യന്തിക ലക്ഷ്യം അട്ടിമറിക്കാൻ ശ്രമിച്ചാൽ വൻ പ്രക്ഷോഭമുണ്ടാകുമെന്നും സമിതി സൂചിപ്പിച്ചു.

# സഭയെ കുടുംബമായി കാണണം: മാർ ആലഞ്ചേരി




കൊച്ചി: കാക്കനാട് മൗണ്ട് സെന്റ് തോമസിൽ രണ്ടു ദിവസങ്ങളിലായി സീറോ മലബാർ മിഷൻ ശില്പശാല സംഘടിപ്പിച്ചു. സഭയുടെ ഇവാഞ്ചലൈസേഷൻ കമ്മീഷന്റെയും മിഷൻ സപ്പോർട്ടിന്റെയും ആഭിമുഖ്യത്തിൽ നടന്ന ശില്പശാലയിൽ കേരളത്തിലും പുറത്തുമുള്ള രൂപതകൾ, സന്യാസസഭകൾ എന്നിവയുടെ വൈദിക സന്യസ്ത അല്മായ പ്രതിനിധികൾ പങ്കെടുത്തു.

സഭയെ മുഴുവൻ കുടുംബമായി കാണാൻ സഭാംഗങ്ങൾക്കു സാധിക്കണമെന്നു മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സമാപന സന്ദേശത്തിൽ പറഞ്ഞു. സഭയെന്നതു കുടുംബങ്ങളുടെ കുടുംബമാണെന്നാണ് ഫ്രാൻസീസ് പാപ്പ ഓർമ്മിപ്പിക്കുന്നത്. പരസ്പരം പ്രോത്സാഹിപ്പിക്കാനും വീഴ്ചകൾ തിരുത്തി മുന്നേറാനും സഭാംഗങ്ങൾ പരിശ്രമിക്കേണ്ടതുണ്ട്. മിഷനറിമാർ സഭയുടെ ശക്തിയാണ്. ബുദ്ധിമുട്ടുകൾ സഹിച്ചും അവർ ചെയ്യുന്ന വലിയ ശുശ്രൂഷകളിലൂടെ അനേകർ സുവിശേഷമറിയുന്നു. സഭയുടെ മിഷൻ മേഖല കൂടുതൽ ശക്തമാകുന്നതിനും ഫലദായകമാകുന്നതിനും തീക്ഷ്ണമായ പ്രാർത്ഥന ആവശ്യമുണ്ട്. നന്മകൾ പ്രയോഗത്തിൽ എത്തിക്കുന്നതിനു ഔപചാരികതകൾ പരിഗണിക്കേണ്ടതില്ല. ഓരോ രൂപതകളിലും മിഷൻ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേകം സെന്ററുകൾ ഉണ്ടാകണമെന്നും മാർ ആലഞ്ചേരി ഓർമ്മിപ്പിച്ചു.

എറണാകുളം-അങ്കമാലി അതിരൂപത സഹായമെത്രാന്മാരായ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാ ജോസ് പുത്തൻവീട്ടിൽ, ഉജ്ജയിൻ ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേൽ, അപ്പസ്തോലിക് വിസിറ്റേറ്റർ ബിഷപ് മാർ റാഫേൽ തട്ടിൽ എന്നിവർ വിവിധ സെഷനുകളിൽ മോഡറേറ്റർമാരായി. കമ്മീഷൻ സെക്രട്ടറി റവ.ഡോ.ഷാജി കൊച്ചുപുരയിൽ, ഓഫീസ് സെക്രട്ടറി സിസ്റ്റർ ഫ്രാൻസ്ലറ്റ് എന്നിവർ പ്രസംഗിച്ചു.

# വൈദികൻ കരുണയുടെ അരുവി: മാർപാപ്പ

വത്തിക്കാൻ സിറ്റി: ദൈവത്തിന്റെ ഹൃദയത്തിലേക്കു മനുഷ്യനെ അടുപ്പിക്കുന്ന കരുണയുടെ അരുവിയാണു വൈദികനെന്നു ഫ്രാൻസീസ് മാർപാപ്പ. തിരുഹൃദയതിരുനാൾ ദിവസം വൈദികരുടെ ജൂബിലി സമാപനത്തോടനുബന്ധിച്ച് സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകുകയായിരുന്നു മാർപാപ്പ. വൈദികൻ ദൈവത്തിന്റെ ശാന്തമായ ഹൃദയത്തിനനുസരിച്ചുള്ള ഇടയനും മറ്റുള്ളവർക്കുവേണ്ടി തന്നെത്തന്നെ ബലിയായി സമർപ്പിക്കുന്നവനുമാണ്. ദൈവത്തോട് ഐക്യപ്പെട്ടാണ് വൈദികൻ തന്റെ ജീവിതം സമർപ്പിക്കാൻ സമ്മതം മൂളുന്നത്.- മാർപാപ്പ പറഞ്ഞു.

വൈദികൻ തന്നിലേക്കു നോക്കാതെ ദൈവത്തേയും സഹോദരങ്ങളേയും നോക്കണം. വൈദികർ സഹായം ആവശ്യമുള്ളവരെ അന്വേഷിച്ചു നടക്കുന്ന, ആരേയും നഷ്ടപ്പെടുത്താത്ത നല്ല സമരിയാക്കാരനാകണം. വൈദികന്റെ കുടുംബവും ജീവനും ദൈവജനമാണ്. ദൈവം സഭ വഴി ഏൽപ്പിച്ചിരിക്കുന്ന ദൈവജനത്തിന്റെ അടുക്കലായിരിക്കണം വൈദികൻ. അവൻ തന്റെ ഹൃദയത്തിൽ നിന്നും പ്രാർഥനയിൽ നിന്നും പുഞ്ചിരിയിൽ നിന്നും ആരേയും ഒഴിവാക്കരുതെന്നും മാർപാപ്പ കൂട്ടിച്ചേർത്തു.



ഏഴായിരത്തോളം വൈദികർ മാർപാപ്പയോടൊപ്പം വിശുദ്ധ കുർബാനയിൽ സഹകാർമികരായിരുന്നു. ജൂൺ ഒന്നു മുതൽ മൂന്നു വരെ നടന്ന വൈദികരുടെ കരുണയുടെ ജൂബിലി ആഘോഷത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു ധാരാളം വൈദികർ എത്തിച്ചേർന്നിരുന്നു. രണ്ടിനും പത്തിനും പന്ത്രണ്ടിനും വൈകുന്നേരം നാലിനും ഫ്രാൻസീസ് മാർപാപ്പ വൈദികർക്കായി ധ്യാനപ്രസംഗം നടത്തി എന്നുള്ളതാണ് ഈ ജൂബിലി ആഘോഷത്തിന്റെ ഏറ്റവും വലിയ പ്രത്യേകത.

# മാർ ജേക്കബ് മുരിക്കന്റെ വൃക്ക സൂരജിൽ തുടിച്ചു



കൊച്ചി: ശുശ്രൂഷാവഴികളിൽ ബിഷപ് മാർ ജേക്കബ് മുരിക്കൻ മഹാദാനത്തിന്റെ മഹിതചരിത്രമെഴുതി. സ്വന്തം ശരീരത്തിൽനിന്നു പകുത്തു നൽകിയ വൃക്ക ദരിദ്രകുടുംബാംഗമായ സൂരജിൽ ജീവന്റെ സ്പന്ദനമായി. അനേകരുടെ പ്രാർഥനകൾ സഫലമാക്കി രണ്ടു മണിക്കൂർ നീണ്ട ശസ്ത്രക്രിയ വിജയം.

പാലാ രൂപത സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കന്റെ വൃക്കദാനം എറണാകുളം വിപിഎസ് ലേക്ഷോർ ആശുപത്രിയിലാണു നടന്നത്.

യൂറോളജിസ്റ്റ് ഡോ. ജോർജ് പി. ഏബ്രഹാം, നെഫ്രോളജിസ്റ്റ് ഡോ. എബി ഏബ്രഹാം എന്നിവരാണ് ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയത്. മാർ ജേക്കബ് മുരിക്കന്റെ കാരുണ്യപൂർവമുള്ള വൃക്ക ദാനത്തിൽ പങ്കാളികളാകാൻ സാധിച്ചതിൽ സന്തോഷവും അഭിമാനവുമുണ്ടെന്നു ഡോക്ടർമാർ പറഞ്ഞു.

കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ ജീവനക്കാരനായ സൂരജ് (31) ഒന്നര വർഷം മുമ്പു മൂത്രത്തിൽ അണുബാധയെത്തുടർന്നു നടത്തിയ പരിശോധനയിലാണു വൃക്കയുടെ തകരാർ തിരിച്ചറിഞ്ഞത്. ഒരു വൃക്ക മാത്രമാണ് ഇദ്ദേഹത്തിൽ പ്രവർത്തിച്ചിരുന്നത്. പുതിയ വൃക്കയ്ക്കായി കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ടതോടെയാണു വഴിത്തിരിവിലെത്തിയത്. ഫെഡറേഷൻ ചെയർമാൻ ഫാ. ഡേവിസ് ചിറമ്മലിൽ നിന്നാണു സൂരജിന്റെ ജീവിതാവസ്ഥയെക്കുറിച്ചു ബിഷപ് മാർ മുരിക്കൻ അറിയുന്നത്.

കോട്ടയ്ക്കൽ ഈശ്വരമംഗലം പരേതനായ സുധാകരന്റെയും പാർവതിയുടെയും മകനാണു സൂരജ്. ഫാ. ഡേവിസ് ചിറമ്മലും പാലാ രൂപതയിൽ നിന്നുള്ള വൈദികരും ബിഷപ്പിന്റെ സഹോദരങ്ങളായ ലൂക്കോസ്, തോമസ്, മാത്യു, ലിസമ്മ എന്നിവരും ശസ്ത്രക്രിയാ സമയത്ത് ആശുപത്രിയിലെത്തിയിരുന്നു.

യൂറോളജിസ്റ്റ് ഡോ. പി. ഡാറ്റ്സൺ ജോർജ്, നെഫ്രോളജിസ്റ്റ് ഡോ. ജിതിൻ എസ്. കുമാർ, ഡോ. മോഹൻ മാത്യു, ഡോ. മത്തായി സാമുവൽ എന്നിവരും ശസ്ത്രക്രിയയിലും അനുബന്ധചികിത്സയിലും പങ്കാളികളായി. വൃക്കദാനം നടത്തിയ ആദ്യമെത്രാനാണു മാർ ജേക്കബ് മുരിക്കൻ. പതിനഞ്ചു വൈദികരും ആറു കന്യാസ്ത്രീകളും ഉൾപ്പെടെ നൂറുകണക്കിനാളുകൾ ഇതിനകം വൃക്കദാനം നടത്തിയിട്ടുണ്ട്. ക്രൈസ്തവസമൂഹത്തിന്റെ നിസ്വാർഥ സേവനത്തിന്റെയും പങ്കുവയ്ക്കലിന്റെയും മഹനീയ ഉദാഹരണമാണ് കരുണയുടെ വർഷത്തിൽ പാല രൂപത സഹായമെത്രാൻ ജേക്കബ് മുരിക്കൻ പിതാവിലൂടെ പ്രാവർത്തികമായിരിക്കുന്നത്.

# സീറോ മലബാർ സഭയുടെ തനിമയും പാരമ്പര്യവും:

## സെമിനാർ 24നും 25നും

കൊച്ചി: സീറോ മലബാർ സഭയുടെ തനിമയും പാരമ്പര്യവും എന്ന വിഷയത്തിൽ 24, 25 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഗവേഷണ സെമിനാർ നടക്കും. സീറോ മലബാർ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ (എൽആർസി) നേതൃത്വത്തിലുള്ള സെമിനാർ 24നു വൈകുന്നേരം നാലിന് എപ്പിസ് കോപ്പൽ മെംബർ ബിഷപ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ ഉദ്ഘാടനംചെയ്യും. എൽആർസി ചെയർമാൻ ബിഷപ് മാർ പോളി കണ്ണൂക്കാടൻ അധ്യക്ഷത വഹിക്കും. 25ന്ഉച്ചകഴിഞ്ഞു 3.30നു മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സമാപന സന്ദേശം നല്കും.

എൽആർസിയുടെ 52-ാമത് ഗവേഷണ സെമിനാറാണിത്. എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഡോ.പീറ്റർ കണ്ണമ്പുഴ, സെക്രട്ടറി സിസ്റ്റർ മെറീന എന്നിവർ നേതൃത്വം നൽകും. മാർ തോമാശ്ലീഹായിൽനിന്നു ലഭിച്ച വിശ്വാസ പൈതൃകം, തോമാ മാർഗം, മാർതോമാ ക്രിസ്ത്യാനികളുടെ പരമ്പരാഗതമായ ജീവിതശൈലി, സീറോ മലബാർ സഭയുടെ സാമൂഹികവും സാംസ്കാരികവുമായ തനിമ,ദൈവശാസ്ത്രം, കാനൻ നിയമം, സഭാപരം, ആരാധനാക്രമം, ആധ്യാത്മികം എന്നീ തലങ്ങളിലുള്ള സഭയുടെ തനിമ തുടങ്ങിയ വിഷയങ്ങളിൽ സെഷനുകളുണ്ടാകും. റവ.ഡോ.ജെയിംസ് പുളിയുറുമ്പിൽ, റവ.ഡോ.ജോമോൻ നാൽപതിൻചിറ, റവ.ഡോ.ജോസ് കുറിയേടത്ത്, പ്രഫ. ജോർജ് മേനാച്ചേരി, റവ.ഡോ.സെബി ചാലയ്ക്കൽ, റവ.ഡോ.ജോസ് ചിറമേൽ, റവ.ഡോ.സെയ്ജോ തൈക്കാട്ടിൽ, റവ.ഡോ.പോളി മണിയാട്ട്, റവ.ഡോ.ജോസഫ് ചാലിശേരി, റവ.ഡോ.ടോണി നീലങ്കാവിൽ, സിസ്റ്റർ ഡോ.റിൻസി മരിയ, ഡോ.ലിജി ജേക്കബ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും ലിറ്റർജിക്കൽ റിസർച്ച് സെന്റർ, മൗണ്ട് സെന്റ് തോമസ്, കാക്കനാട്, കൊച്ചി-682030, ഇമെയിൽ lrcseminars@gmail.com, എന്ന വിലാസത്തിലോ 9497324768 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.



# കുട്ടിക്കാനം മരിയൻ കോളജിന് സ്വയംഭരണ പദവി

കുട്ടിക്കാനം: മരിയൻ കോളജിന് സ്വയംഭരണ പദവി. ഈ പദവി ലഭിക്കുന്ന കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ കോളജാണ് മരിയൻ. അധ്യാപനം, പഠനം, ഗവേഷണം, സാമൂഹികസേവനം, പ്ലെയ്സ്മെന്റ് എന്നീ മേഖലകളിൽ കോളജ് കൈവരിച്ച നേട്ടങ്ങളും കംപ്യൂട്ടർ ലാബ്, ലൈബ്രറി, ഹോസ്റ്റൽ എന്നീ സൗകര്യങ്ങളിലുള്ള മികവും സ്വയംഭരണ പദവി ലഭിക്കാൻ സഹായകമായി.

2015ൽ കേരള സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കോളജിനെ സ്വയംഭരണ പദവിക്കായി ശിപാർശചെയ്തത്. തുടർന്ന് വിപുലമായ ഒരുക്കങ്ങളാണ് സ്വയംഭരണ സംവിധാനത്തിലേക്ക് മാറുന്നതിനായി മരിയൻ കോളജ് നടത്തിയത്. യുജിസിയിൽ നിന്നുള്ള ആറംഗ വിദഗ്ധസംഘം കോളജിലെത്തി പരിശോധന നടത്തി സ്വയംഭരണ പദവിക്ക് മരിയൻ തികച്ചും യോഗ്യമാണെന്ന് ബോധ്യപ്പെട്ടു നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണു കോളജിന് സ്വയംഭരണ പദവി ലഭിച്ചത്. മാനേജ്മെന്റും സ്റ്റാഫും കുട്ടികളും ഒരേ സ്വരത്തിൽ സ്വയംഭരണത്തിനുവേണ്ടി നിലകൊള്ളുന്നത് മരിയനിലെ മാത്രം പ്രത്യേകതയായി അനുഭവപ്പെട്ടു എന്ന് വിദഗ്ധ സംഘം പരിശോധന പൂർത്തീകരിച്ച വേളയിൽ അഭിപ്രായപ്പെട്ടിരുന്നു. സ്വയംഭരണ പദവി വഴി ലോകോത്തര നിലവാരമുള്ള കോഴ്സുകളും സിലബസും രൂപീകരിക്കാനും സമയബന്ധിതമായി അധ്യാപനം പൂർത്തിയാക്കി പരീക്ഷ നടത്തി ഫലം പ്രസിദ്ധീകരിക്കാനും കോളജിന് സാധിക്കും.

കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിൽ 1995 പ്രവർത്തനം ആരംഭിച്ച കോളജിൽ ബിബിഎ, ബിസിഎ, ബികോം, ബിഎസ്ഡബ്ല്യു, ബിഎ കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ബിഎ ഇക്കണോമിക്സ്, ബിഎ മാത്തമാറ്റിക്സ് എന്നീ ബിരുദ കോഴ്സുകളും എംസിഎ, എംഎസ്ഡബ്ല്യു, എംകോം, എംഎംഎച്ച് (ഹോസ്പിറ്റാലിറ്റി ആൻഡ് ടൂറിസം), എംഫിൽ (സോഷ്യൽ വർക്ക്) എന്നീ ബിരുദാനന്തര ബിരുദ കോഴ്സുകളുമാണുള്ളത്. സോഷ്യൽ വർക്ക്, കൊമേഴ്സ് എന്നീ വിഷയങ്ങളിൽ ഗവേഷണകേന്ദ്രങ്ങളും കോളജിലുണ്ട്. സ്വയംഭരണം ലഭിക്കുന്നതിന്റെ ഭാഗമായി സിലബസ് പരിഷ്കരണത്തിനുള്ള നടപടികൾ പൂർത്തിയാക്കിയ കോളജ് പരീക്ഷ നടത്തിപ്പിനായി ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഒരുക്കിക്കഴിഞ്ഞു. ഈ വർഷം മുതൽ ബിരുദ-ബിരുദാനന്തര തലത്തിലുള്ള അഡ്മിഷൻ നടത്തേണ്ട ചുമതലയും കോളജിനാണ്.

സ്വയംഭരണ പദവിയിലൂടെ വിദ്യാഭ്യാസ രംഗത്ത് തിളക്കമാർന്ന സംഭാവനകൾ നൽകാൻ മരിയൻ കോളജിന് കഴിയുമെന്ന് മാനേജർ ഫാ. റൂബൻ താന്നിക്കലും പ്രിൻസിപ്പൽ റവ. ഡോ. റോയി ഏബ്രഹാം പഴയപറമ്പിൽ എന്നിവർ അറിയിച്ചു. കോഴ്സുകളുടെ പ്രത്യേകതകളും അധ്യാപകരുടെ സേവനങ്ങളും പ്രകൃതിരമണീയമായ ഭൂപ്രകൃതിയുംകൊണ്ട് ശ്രദ്ധ നേടിയിരുന്ന മരിയന് സ്വയംഭരണ പദവി അർഹതപ്പെട്ട അംഗീകാരമാണ്.




വിശുദ്ധ കുർബാനയുടെ തിരുനാൾ ദിനമായ മെയ് 26ന് കൊളോണിലെ ഇന്ത്യൻ ക്രൈസ്തവ സമൂഹം പങ്കുചേർന്ന പ്രദക്ഷിണം

# ഐഎസ് ക്രൂരതയുടെ മറ്റൊരു മുഖം; ലൈംഗീക അടിമകളെ വിൽക്കാനൊരുങ്ങി ഭീകരർ

വാഷിംഗ്ടൺ: ലൈംഗീക അടിമകളാക്കപ്പെട്ട പെൺകുട്ടികളെ ഇസ്ലാമിക് സ്റ്റേറ്റ് ഭീകരർ ഓൺലൈനിലൂടെ വിൽക്കാൻ ശ്രമിക്കുന്നതായി റിപ്പോർട്ട്. വാഷിംഗ്ടൺ പോസ്റ്റാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്. സംഘടനയുടെ മൂലധനം ഉയർത്തുന്നതിനാവശ്യമായ പണം കിട്ടുന്നതിനാണ് ഓൺലൈൻ വാണിഭം നടത്തുന്നതെന്നാണ് റിപ്പോർട്ട്.

മേയ് 20നാണ് അടിമകളാക്കപ്പെട്ട പെൺകുട്ടികളുടെ ചിത്രങ്ങൾ സഹിതമുള്ള പോസ്റ്റ് ഫേസ്ബുക്കിൽ പ്രത്യക്ഷപ്പെട്ടത്. അബു അസാദ് അൽ മാനി എന്ന ഐഎസ് ഭീകരനാണ് പോസ്റ്റിട്ടത്. ഏകദേശം 18 വയസു പ്രായം തോന്നിക്കുന്ന രണ്ടു പെൺകുട്ടികളുടെ മുഖം മറച്ച നിലയിലാണ്. പെൺകുട്ടികൾക്ക് അഞ്ചു ലക്ഷം രൂപ(8,000 ഡോളർ) ആണ് വിലയിട്ടിരിക്കുന്നത്. ചിത്രങ്ങൾ ചില മണിക്കൂറുകൾക്ക് ശേഷം നീക്കം ചെയ്തതതായി വാഷിംഗ്ടൺ പോസ്റ്റ് റിപ്പോർട്ട് ചെയ്തു.



നൂറോളം സ്ത്രീകളാണ് ഇത്തരത്തിൽ അടിമകളാക്കപ്പെട്ട് ഐഎസ് താവളങ്ങളിൽ കഴിയുന്നത്. അടികളാക്കപ്പെട്ട യുവതികൾ ഗർഭം ധരിക്കാതിരിക്കാൻ ഐഎസ് വിവിധ തരത്തിലുള്ള ഗർഭനിരോധന ഉപാധികൾ ഉപയോഗിക്കുന്നതായി ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്തിരുന്നു. ഭീകരർ അടിമകളാക്കിയിട്ടുള്ള പെൺകുട്ടികളുടെ അവസ്ഥ വളരെ ദുരിതപൂർണമാണെന്നാണ് പുറത്തുവരുന്ന റിപ്പോർട്ട്.

# ചരിത്രത്തിൽ സ്ഥാനം പിടിച്ച നാല് പള്ളികൾ പൊളിക്കാൻ ആലോചന സജീവം; ചുവന്ന കുരിശും എടുത്ത് ലാഹോറിലെ ക്രൈസ്തവർ തെരുവിൽ




ലാഹോർ: നിർമ്മാണപ്രവർത്തനങ്ങളുടെ പേരുപറഞ്ഞ് നാല് ക്രിസ്ത്യൻ പള്ളികൾ പൊളിച്ചുമാറ്റാനുള്ള ഇസ്ലാമിക് ഗവൺമെന്റിന്റെ നീക്കത്തിനെതിരെ പാക്കിസ്ഥാനിലെ ലാഹോറിൽ ക്രൈസ്തവർ ചുവന്ന കുരിശുമേന്തി തെരുവിലിറങ്ങി. ഇവിടുത്തെ ചരിത്രപ്രസിദ്ധമായ നാലു പള്ളികൾ പൊളിക്കാൻ സർക്കാർ ഒരുങ്ങുന്നുവെന്ന വാർത്ത പുറത്തുവന്നതിനെത്തുടർന്നായിരുന്നു ഈ ശക്തമായ പ്രതിഷേധം അരങ്ങേറിയത്. പ്രതിഷേധം അക്രമാസക്തമായതോടെ ഇവരിൽ പലരും അറസ്റ്റിലായെന്നും റിപ്പോർട്ടുണ്ട്. തങ്ങളുടെ വിശുദ്ധ സ്ഥലങ്ങളുടെ ഒരിഞ്ചുപോലും വിട്ടുകൊടുക്കില്ലെന്ന് വ്യക്തമാക്കുന്ന ബാനറുകളും പിടിച്ചുകൊണ്ടായിരുന്നു ഇവരുടെ പ്രതിഷേധപ്രകടനം. തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്നും അവർ ശക്തമായി ആവശ്യപ്പെട്ടിരുന്നു. പുതിയതായി നിർമ്മിക്കാൻ തുടങ്ങുന്ന അണ്ടർഗ്രൗണ്ട് ലൈനിന്റെ വഴിയിലാണീ പള്ളികൾ. എന്നാൽ ഈ പ്രോജക്ടിന്റെ ഭാഗമായി ഈ പള്ളികൾ പിടിച്ചെടുക്കാനും പൊളിക്കാനും ഉദ്ദേശിക്കുന്നില്ലെന്നാണ് അധികൃതർ വ്യക്തമാക്കിയിരിക്കുന്നത്.

പള്ളികൾക്കെതിരായ ഈ നീക്കത്തിനെതിരെ കടുത്ത പ്രതിഷേധവുമായി പാക്കിസ്ഥാൻ ക്രിസ്ത്യൻ കോൺഗ്രസ് രംഗത്തെത്തിയിരുന്നു. ഇവിടുത്തെ ഇസ്ലാമിക സർക്കാർ ഒരു നിയമം നിർമ്മിച്ച് അത് ക്രിസ്തുമത വിശ്വാസികൾക്ക്മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയാണെന്നും കോൺഗ്രസ് ആരോപിക്കുന്നു. ഇവിടുത്തെ ഇസ്ലാമിക സർക്കാർ ന്യൂനപക്ഷങ്ങളുടെ വിശ്വാസങ്ങൾക്ക് യാതൊരു വിലയും കല്പിക്കുന്നില്ലെന്നും ഇസ്ലാമികവാദികളെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുകയുമാണെന്നാണ് പാക്കിസ്ഥാനിലെ ക്രിസ്ത്യാനികൾ ആരോപിക്കുന്ന

# ഐഎസ് ആക്രമണം: സിറിയയിൽ 145 മരണം

ഡമാസ്കസ്: വടക്കുപടിഞ്ഞാറൻ സിറിയയിൽ സർക്കാർ നിയന്ത്രിത മേഖലയിൽ ഐഎസ് നടത്തിയ സ്ഫോടന പരമ്പരയിൽ കുറഞ്ഞത് 145 പേർ കൊല്ലപ്പെട്ടു. തീരദേശ പട്ടണങ്ങളായ ജബ്‌ലെ, ടാർട്ടസ് പട്ടണങ്ങളിലാണ് കാർബോംബ്, ചാവേർ ആക്രമണങ്ങൾ നടന്നതെന്നു ബ്രിട്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന സിറിയൻ ഒബ്സർവേറ്ററി അറിയിച്ചു.

ആശുപത്രികൾ, ബസ്സ്റ്റേഷനുകൾ എന്നിവയ്ക്കു നേരേ ആക്രമണമുണ്ടായി. സിറിയൻ ആഭ്യന്തരയുദ്ധം ആരംഭിച്ചശേഷം ഈ നഗരങ്ങളിൽ ഇത്രയും രൂക്ഷമായ ആക്രമണം ആദ്യമാണെന്ന് ഒബ്സർവേറ്ററി മേധാവി റമി അബ്ദുൾ റഹ്മാൻ പറഞ്ഞു.

ടാർട്ടസ് പ്രവിശ്യയുടെ തലസ്ഥാനമായ ടാർട്ടസിൽ റഷ്യയുടെ നാവികത്താവളമുണ്ട്. ലടാക്കിയ പ്രവിശ്യയിലെ ജെബ്‌ലെയിൽ റഷ്യയുടെ വ്യോമത്താവളം സ്ഥിതിചെയ്യുന്നു.

തുർക്കി, ഖത്തർ, സൗദി എന്നിവയുടെ പിന്തുണയോടെ ഭീകരർ ആക്രമണം വർധിപ്പിച്ചിരിക്കുകയാണെന്ന് യുഎന്നിന് അയച്ച കത്തിൽ സിറിയൻ വിദേശമന്ത്രാലയം പരാതിപ്പെട്ടു. പ്രസിഡന്റ് അസാദിനു റഷ്യൻ പ്രസിഡന്റ്



പുടിൻ അനുശോചന സന്ദേശം അയച്ചു. അസാദിന്റെ അലാവൈറ്റ് സമുദായാംഗങ്ങളെ ലക്ഷ്യംവച്ചാണ് ആക്രമണം നടത്തിയതെന്ന് ഐഎസ് ഓൺലൈനിൽ നൽകിയ പ്രസ്താവനയിൽ പറഞ്ഞു.

നേരിട്ടുള്ള യുദ്ധത്തിനു പകരം സിവിലിയന്മാരെ വകവരുത്തുന്നതിനാണ് ഐഎസ് തുനിയുന്നതെന്ന് സിറിയൻ ഇൻഫർമേഷൻ മന്ത്രി ഉമ്റാൻ അൽ സൗബി ആരോപിച്ചു. ഐഎസിനെതിരേയുള്ള പോരാട്ടം ശക്തമാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

64

# സഭൈക്യം

(കഴിഞ്ഞ ലക്കം തുടർച്ച) .....



**6. മതസ്വാതന്ത്ര്യം സംബന്ധിച്ചുള്ള ഉത്തരവാദിത്വങ്ങൾ**–സാമൂഹ്യജീവിത വ്യവസ്ഥിതികളുടെ രത്നച്ചുരുക്കമാണ് സമൂഹത്തിന്റെ പൊതുനന്മ. ഈ വ്യവസ്ഥിതികൾ വഴിയാണ് മനുഷ്യൻ പൂർണ്ണമായും കാര്യക്ഷമമായും അവന്റെ പരിപൂർണ്ണത നേടുന്നത്. പൊതുനന്മ പ്രധാനമായി അടങ്ങിയിരിക്കുന്നത് വ്യക്തികളുടെ അവകാശസംരക്ഷണത്തിലും കർത്തവ്യനിർവ്വഹണത്തിലുമാണ്. തന്നിമിത്തം മതസ്വാതന്ത്ര്യത്തിന്റെ അവകാശം സംരക്ഷിക്കാനുള്ള ചുമതല പൊതുനന്മ കൈവരുത്താൻ എല്ലാവർക്കുമുള്ള കടമയെ പരിഗണിച്ച് പൗരന്മാരിലും സമൂഹങ്ങളിലും ഗവൺമെന്റിലും തിരുസ്സഭയിലും മറ്റു മതസമുദായങ്ങളിലും നിക്ഷിപ്തമായിരിക്കുന്നു, ഓരോ വിഭാഗക്കാർക്കും അവരവർക്ക് യോജിച്ചവിധത്തിൽ പൊതുനന്മ കൈവരുത്തുവാൻ കടമയുണ്ട്.

മനുഷ്യന്റെ അലംഘനീയമായ അവകാശങ്ങളെ സംരക്ഷിക്കുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്നത് ഏതു ഗവൺമെന്റിന്റെയും ഒന്നാമത്തെ കർത്തവ്യമാണ്. പൗരന്മാരേവരുടേയും മതസ്വാതന്ത്ര്യം സംരക്ഷിക്കാനുള്ള ചുമതല സർക്കാർ ഏറ്റെടുക്കണം. ഇത് ഫലപ്രദമായി നിർവഹിക്കാൻ പറ്റിയ നിയമങ്ങൾ ഉണ്ടാക്കുകയും കാര്യക്ഷമമായ മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കുകയും വേണം. മതപരമായ ജീവിതം കൈവളർത്തിക്കൊണ്ടുവരാനാവശ്യമായ അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിൽ സഹായിക്കാനുള്ള ഉത്തരവാദിത്വവും ഭരണകൂടത്തിനുണ്ട്. ഇവയുടെയൊക്കെ ഫലമായി ജനങ്ങൾക്ക് തങ്ങളുടെ മതപരമായ അവകാശങ്ങൾ അനുഭവിക്കാനും കർത്തവ്യങ്ങൾ നിറവേറ്റാനും കഴിവുണ്ടാകണം. മാത്രമല്ല, ദൈവത്തോടും അവിടത്തെ തിരുമനസ്സോടുമുള്ള മനുഷ്യന്റെ വിശ്വസ്തതയിൽ നിന്നു നാമ്പെടുക്കുന്ന നീതി, സമാധാനം എന്നീ സാന്മാർഗ്ഗിക നന്മകൾ വഴി സമൂഹം തന്നെ ധന്യമാകുകയും വേണം.

ചില രാഷ്ട്രങ്ങളിൽ അവിടത്തെ പ്രത്യേക പരിതസ്ഥിതികൾ കണക്കിലെടുത്തുകൊണ്ട് ഏതെങ്കിലും ഒരു മതവിഭാഗത്തിന് ഭരണഘടനാവിധേയമായ സാമൂഹ്യക്രമമനുസരിച്ച് പ്രത്യേകമായ നൈയാമികാംഗീകാരം നൽകുന്നുവെന്നിരിക്കട്ടെ. അതൊടൊത്തുതന്നെ എല്ലാ പൗരന്മാരുടെയും മതവിഭാഗങ്ങളുടെയും മതസ്വാതന്ത്ര്യാവകാശം അംഗീകരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ട കടമ ഗവൺമെന്റിനുണ്ട്.

നിയമദൃഷ്ട്യാ എല്ലാ പൗരന്മാർക്കുമുണ്ടായിരിക്കേണ്ട സമത്വം മതപരമായ കാരണങ്ങളാൽ പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു വിധത്തിലും നിഹനിക്കാവുന്നതല്ല. ഈ സമത്വം പൊതുനന്മയുടെ ഒരു ഭാഗമാണെന്ന് പറയേണ്ടതില്ലല്ലോ. അതുപോലെ അവരുടെയിടയിൽ ഏതെങ്കിലും തരത്തിലുള്ള വിവേചനം ഉണ്ടായിരിക്കാനും പാടില്ല.

ബലം പ്രയോഗിച്ചോ ഭീഷണിപ്പെടുത്തിയോ മറ്റു മാർഗ്ഗങ്ങൾ ഉപയോഗിച്ചോ ഏതെങ്കിലും മതം സ്വീകരിക്കാനോ പരിത്യജിക്കാനോ ജനങ്ങളെ ഗവൺമെന്റ് നിർബന്ധിക്കുന്നെങ്കിൽ അത് തെറ്റായിരിക്കും. ഒരു മതവിഭാഗത്തിൽ ചേരാനോ അതിൽ നിന്നു പുറത്തുപോകാനോ സർക്കാർ ആർക്കെങ്കിലും പ്രതിബന്ധമായി നിന്നാലുള്ള സ്ഥിതിയും ഇതുതന്നെ. മതത്തെത്തന്നെ ഏതു വിധത്തിലെങ്കിലും നശിപ്പിക്കാനോ അടിച്ചമർത്താനോ ശക്തി പ്രയോഗിക്കുന്നെങ്കിൽ അതു ദൈവാഭീഷ്ടത്തിനും വ്യക്തികളുടെയും ജനപദങ്ങളുടെയും പരിശുദ്ധമായ അവകാശങ്ങൾക്കും വിരുദ്ധമായ നടപടിയായിരിക്കും. ഇപ്പറഞ്ഞത് മനുഷ്യവർഗ്ഗം മുഴുവന്റെ കാര്യത്തിലായാലും ഒരു പ്രത്യേക രാജ്യത്തിന്റെയോ സമൂഹത്തിന്റെയോ കാര്യത്തിലായാലും അങ്ങനെ തന്നെ ആയിരിക്കും.

**7. മതസ്വാതന്ത്ര്യത്തിന്റെ അതിർവരമ്പുകൾ**–മതസ്വാതന്ത്ര്യത്തിനുള്ള അവകാശവിനിയോഗം മാനവസമൂഹത്തിലാണ് നടക്കുന്നത്. അതുകൊണ്ട് ഈ വിനിയോഗത്തിൽ ചിലമാനദണ്ഡങ്ങളും നിയന്ത്രണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

എല്ലാ സ്വാതന്ത്ര്യവും കൈകാര്യം ചെയ്യുന്നതിൽ വ്യക്തിപരവും സാമൂഹ്യവുമായ ഉത്തരവാദിത്വത്തിന്റെ ധാർമ്മികതത്വം പാലിക്കേണ്ടതുണ്ട്. ഈ അവകാശ വിനിയോഗത്തിൽ ഓരോ വ്യക്തിയും സമുദായ വിഭാഗവും സാന്മാർഗിക നിയമത്താൽ മറ്റുള്ളവരുടെ അവകാശങ്ങളേയും അന്യരോടുള്ള കടമകളേയും എല്ലാവരുടെയും പൊതുനന്മയേയും മാനിക്കാൻ കടപ്പെടുന്നുണ്ട്. മറ്റുള്ളവരോട് സംസർഗ്ഗം ചെയ്യുമ്പോൾ നീതിനിഷ്ഠയും സൗമനസ്യവും പ്രദർശിപ്പിക്കണം.

കൂടാതെ മതസ്വാതന്ത്ര്യത്തിന്റെ പേരിൽ സംഭവിക്കാവുന്ന അഴിമതികൾക്കെതിരായി വേണ്ട പ്രതിരോധനടപടികൾ കൈക്കൊള്ളാൻ സമുദായത്തിന് അവകാശമുണ്ട്. ഇത്തരം സംരക്ഷണം നൽകുകയെന്നത് സർക്കാരിന്റെ പ്രത്യേകചുമതലയാണ്. അടിസ്ഥാനരഹിതമായോ പക്ഷപാതമനഃസ്ഥിതിയോടുകൂടിയോ അല്ല ഗവൺമെന്റ് ഇത് നിർവഹിക്കേണ്ടത്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ വസ്തുനിഷ്ഠമായ സാന്മാർഗിക ക്രമത്തിനു യോജിച്ച നിയമാധിഷ്ഠിതമായ മാനദണ്ഡങ്ങളാൽ നിയന്ത്രിതമായിരിക്കണം. പൗരന്മാരേവരുടേയും അവകാശങ്ങൾ ഫലപ്രദമായി സംരക്ഷിക്കാനും അവകാശസംഘട്ടനങ്ങൾക്കു സമാധാനപൂർണ്ണമായ പരിഹാരം കണ്ടെത്താനും ഉപയുക്തമായിരിക്കണം ഈ മാനദണ്ഡങ്ങൾ.



# ഇങ്ങനെയും ഒരു രോഗമോ...?

Dr. P.M. Chacko Palakunnel, Mobile: 9746085144

ഒൻപതാം ക്ലാസിൽ പഠിക്കുന്ന ജോസ് ഏഴാംക്ലാസ് വരെ നന്നായി പഠിക്കുകയും എല്ലാ കാര്യങ്ങളിലും ക്ലാസിൽ മുൻപന്തിയിൽ നിൽക്കുയും ചെയ്യുമായിരുന്നു. എട്ടാം ക്ലാസിൽ പ്രവേശിച്ചതു മുതൽ വളരെ വിചിത്രമായ ചില സ്വഭാവങ്ങൾ അവനിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. കുളിക്കാൻ കയറിയാൽ ഒന്നോ അതിലധികമോ മണിക്കൂറുകൾ കുളിമുറിയിൽ ചില വഴിക്കും. നിർത്താൻ പറഞ്ഞാൽ വൃത്തിയായില്ല എന്നു പറഞ്ഞ് വീണ്ടും തുടർന്നുകൊണ്ടിരിക്കും. തോർത്തിൽ തൊട്ടാൽ കഴുകിയ കൈ ചീത്തയാകും എന്നു പറഞ്ഞ് അമ്മയെക്കൊണ്ടാണ് ശരീരവും തലയും നനവിൽ നിന്ന് വിമുക്തമാക്കുക. വെള്ളം എടുക്കാൻ തുറന്നുവിട്ട ടാപ്പ് അടച്ചാൽ കൈയ്യിൽ ചെളിപറ്റും എന്ന് പറഞ്ഞ് അതും അമ്മ ചെയ്യാൻ നിർബന്ധിക്കും. അമ്മ ചെയ്യില്ല എന്നു പറഞ്ഞാൽ അവിടെ നിന്ന് കരയും. എന്നാലും തനിയെ ടാപ്പ് അടയ്ക്കുകയില്ല. അവന്റെ കട്ടിലിലെ ബഡ്ഷീറ്റിൽ ആരെങ്കിലും ഇരുന്നാൽ അത് മാറ്റാതെ അവൻ ആ കട്ടിലിൽ ഇരിക്കുകയില്ല. അപ്പൻ വളരെ ദേഷ്യപ്പെടുകയും ചിലപ്പോൾ അടികൊടുക്കുകയും ചെയ്യും. എന്നാലും ഷീറ്റ് മാറ്റാതെ കട്ടിലിൽ ഇരിക്കുകയോ കിടക്കുകയോ ചെയ്യില്ല. മറ്റൊരു വീട്ടിൽ ചെന്നപ്പോൾ എല്ലാവരും തൊടുന്ന ടാപ്പാണെന്നു പറഞ്ഞ് ടാപ്പ് അമ്മയെക്കൊണ്ടു തുറപ്പിച്ചാണ് വെള്ളം എടുത്തത്. സ്കൂളിൽ ചെന്നാലും പല പ്രശ്നങ്ങളുണ്ട്. ഭക്ഷണം എടുക്കുമ്പോൾ ആരെങ്കിലും അടുത്തിരുന്ന് വർത്തമാനം പറഞ്ഞാൽ അവരുടെ തുപ്പൽ വീണുകാണും എന്നു പറഞ്ഞ് ആ ഭക്ഷണം എടുത്ത് കളയും. സ്കൂളിൽ നിലത്തുവച്ചിരിക്കുന്ന ബാഗിൽ ചിലപ്പോൾ ആരുടെയെങ്കിലും ഭക്ഷണത്തിന്റെ അംശമോ മറ്റോ പറ്റിയാൽ അത് പിന്നെ കൈകൊണ്ടു തൊടുവാൻ വിഷമമാണ്. നിവൃത്തിയില്ലാതെ വന്നാൽ കരഞ്ഞുകൊണ്ട് ആ ബാഗ് എടുത്ത് വീടുവരെ പോകുകയും ചെന്നാലുടൻ അത് വൃത്തിയാക്കാൻ അമ്മയെ ഏല്പിക്കുകയും ചെയ്യും. വൃത്തിഭയം മൂലം ബസിൽ യാത്രചെയ്യുകയോ ഒറ്റയ്ക്ക് ഒരിടത്ത് പോവുകയോ ഇല്ല. ടോയ്ലറ്റിൽ പോയാൽ കൈഉപയോഗിച്ച് കഴുകിയാൽ വൃത്തികേടാകുമെന്ന ഭയംമൂലം കഴിയുന്നത്ര ടോയ്ലറ്റിൽ പോകാതെ പിടിച്ചുവയ്ക്കുന്നതുമൂലം വയറിനും പലതരം പ്രശ്നങ്ങളുണ്ട്. മറ്റുള്ളവർ തൊട്ട പുസ്തകങ്ങളിൽ പോലും തൊടാൻ മടിയാണ്. കൂട്ടുകാരുടെ അടുത്തിരിക്കുന്നതും പരസ്പരം മുട്ടാതെയാണ്. ചിലപ്പോൾ ആരെങ്കിലും മുട്ടിയാൽ അഴുക്കുപറ്റിയോ എന്ന സംശയമുണ്ടാകുകയും ഉടൻ ആ ഭാഗം കഴുകുകയും ചെയ്യും. സമയമെടുക്കുന്നതിൽ അമ്മ വഴക്കുപറയുന്നതുമൂലം പലപ്പോഴും കുളിവേണ്ടെന്നു വയ്ക്കും. താൻ ചെയ്യുന്നത് ശരിയല്ല എന്നറിയാമെങ്കിലും സ്വയം അതു നിയന്ത്രിക്കാനാകുന്നില്ല എന്ന ചിന്ത അവനെ വല്ലാതെ അലട്ടുന്നുമുണ്ട്. തന്മൂലം പഠനത്തെയും അത് കാര്യമായി ബാധിക്കുവാൻ തുടങ്ങിയിരിക്കുന്നു. അസ്വസ്ഥരായ മാതാപിതാക്കൾ ശിക്ഷണനടപടികൾ കൂടി സ്വീകരിക്കുവാൻ തുടങ്ങിയപ്പോൾ അവൻ വളരെ അസ്വസ്ഥനും കൂടുതൽ സമയം മൗനമായി ഇരിക്കുന്നവനും ആയി കാണപ്പെട്ടു. മാർക്ക് വളരെ കുറയാനും തുടങ്ങി.

ഒബ്സസ്സീവ് കംപൾസീവ് ഡിസോർഡർ എന്ന് സൈക്യാട്രിക്സ് ഇതിനെ വിളിക്കും. മരുന്നുകളുപയോഗിച്ചുള്ള ചിക്തയും സൈക്കോ തെറാപ്പിയും ഇതിന് ഉപയോഗിക്കാറുണ്ട്. ജോസിന്റെ കാര്യത്തിൽ ഇന്റേണൽ ഫാമിലി സിസ്റ്റംസ് തെറാപ്പി വളരെ പ്രയോജനപ്പെട്ടതായി അനുഭവപ്പെട്ടു. ജോസിന് ചില വിഷയങ്ങളിലുള്ള ബുദ്ധിമുട്ടുകളുടെ പ്രത്യാഘാതമായിട്ടാണ് ഈ

**മറ്റുള്ളവർ തൊട്ട പുസ്തകങ്ങളിൽ പോലും തൊടാൻ മടിയാണ്. കൂട്ടുകാരുടെ അടുത്തിരിക്കുന്നതും പരസ്പരം മുട്ടാതെയാണ്. ചിലപ്പോൾ ആരെങ്കിലും മുട്ടിയാൽ അഴുക്കു പറ്റിയോ എന്ന സംശയമുണ്ടാകുകയും ഉടൻ ആ ഭാഗം കഴുകുകയും ചെയ്യും.**

മാറ്റം സംഭവിച്ചതെന്ന് ജോസിന്റെ മനസിന്റെ ഘടകങ്ങൾ തന്നെ ഉത്തരം നൽകിയ പശ്ചാത്തലത്തിൽ മനസ് തന്നെ ആ തീരുമാനത്തിൽ നിന്ന് പിന്തിരിഞ്ഞ് ഗുണകരമായ മറ്റ് രീതികൾ അവലംബിച്ച് ജോസിനെ സന്തോഷിപ്പിക്കുവാൻ തീരുമാനിച്ചപ്പോൾ ഒബ്സഷൻസും കംപൾഷൻസും മരുന്നുകൾ ഉപയോഗിക്കാതെ തന്നെ ഇല്ലാതാകുന്നതായി കാണപ്പെട്ടു. ജോസ് ഇപ്പോൾ എൺപതു ശതമാനവും രോഗവിമുക്തനായി. തെറാപ്പി തുടരുന്നു. വോയ്സ് ഡയലോഗ് രീതിയും ഇതിന് ഉപയോഗിക്കുന്നു.

LAITY VOICE




# ക്രിസ്തുവിലുള്ള ജീവിതം

കഴിഞ്ഞ ലക്കം തുടർച്ച...

## എട്ടാം കല്പന: കള്ളസാക്ഷ്യം പറയരുത്

**സത്യത്തോട് മനുഷ്യന് എന്ത് കടമയാണുള്ളത്?**

വാക്കിലും പ്രവൃത്തിയിലും ആത്മാർത്ഥതയും സത്യസന്ധതയും പുലർത്താൻ ഓരോ വ്യക്തിയും വിളിക്കപ്പെട്ടിരിക്കുന്നു. സത്യം അന്വേഷിക്കാനും അതിനോട് ചേർന്നു നിൽക്കാനും സത്യത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് സ്വന്തം ജീവിതം ക്രമപ്പെടുത്താനും ഓരോരുത്തർക്കും കടമയുണ്ട്. യേശുക്രിസ്തുവിൽ ദൈവത്തിന്റെ സത്യം സംപൂർണ്ണമായി വെളിവാക്കപ്പെട്ടിരിക്കുന്നു: അവിടുന്നാണ് സത്യം.

അവിടുത്തെ അനുഗമിക്കുന്നവൻ സത്യത്തിന്റെ ആത്മാവിൽ ജീവിക്കുന്നു; ഇരട്ടത്താപ്പ്, വഞ്ചന, കപടനാട്യം എന്നിവ തള്ളിക്കളയുന്നു.

**എങ്ങനെ സത്യത്തിന് സാക്ഷ്യം വഹിക്കണം?**

ക്രൈസ്തവൻ തന്റെ രഹസ്യവും പൊതുവുമായ പ്രവർത്തനങ്ങളുടെ സമസ്ത രംഗങ്ങളിലും ആവശ്യമെങ്കിൽ സ്വന്തം ജീവൻ ബലികഴിച്ചുകൊണ്ടു പോലും സുവിശേഷസത്യത്തിന് സാക്ഷ്യം വഹിക്കണം. വിശ്വാസത്തിന്റെ സത്യത്തിന് നൽകുന്ന പരമമായ സാക്ഷ്യം രക്തസാക്ഷിത്വമാണ്.

**എട്ടാം കല്പന എന്താണ് മുടക്കുന്നത്?**

എട്ടാം കല്പന മുടക്കുന്നു:

1) വ്യാജസാക്ഷ്യം, കള്ളസത്യം, നുണപറയൽ, വ്യാജം വിരൂപമാക്കുന്ന സത്യം, സാഹചര്യങ്ങൾ, വ്യാജം പറയുന്ന ആളുടെ ഉദ്ദേശ്യം, അതിനു ബലിയാടുകൾ ആകുന്നവർക്കുണ്ടാകുന്ന നഷ്ടം എന്നിവയ്ക്ക് അനുസൃതമായിരിക്കും അതിന്റെ ഗൗരവം.

2) വീണ്ടുവിചാരമില്ലാത്ത വിധി, പരദൂഷണം, അപകീർത്തിപ്പെടുത്തൽ, ഏഷണി: ഓരോ വ്യക്തിക്കും അവകാശപ്പെട്ട ആദരവും സത്പേരും ഇവ കുറയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നു.

3) മുഖസ്തുതി, പുകഴ്ത്തൽ, പ്രലോഭിപ്പിക്കൽ: ഇവ ദൗരവാവഹമായ പാപങ്ങളെയോ ന്യായമല്ലാത്ത നേട്ടങ്ങളെയോ ലക്ഷ്യം വെയ്ക്കുമ്പോൾ എട്ടാം കല്പനയ്ക്കെതിരാണ്.

മറ്റുള്ളവർക്ക് നാശം വരുത്തിയിട്ടുണ്ടെങ്കിൽ, സത്യത്തിനെതിരായി ചെയ്ത ഒരു പാപം നഷ്ടപരിഹാരം ആവശ്യപ്പെടുന്നുണ്ട്.

**എട്ടാം കല്പന എന്താണ് ആവശ്യപ്പെടുന്നത്?**

ആശയവിനിമയത്തിലും വിവരദാനത്തിലും ഉപവിയുടെ വിവേചനയാൽ അനുഗമിക്കപ്പെട്ട സത്യത്തോടുള്ള ആദരം എട്ടാം കല്പന ആവശ്യപ്പെടുന്നു. വ്യക്തിപരവും പൊതുവുമായ നന്മ, സ്വകാര്യ ജീവിതത്തിന്റെ സംരക്ഷണം, ഉതപ്പിന്റെ അപകടം എന്നിവ ആശയവിനിമയത്തിലും വിവരം നൽകുന്നതിലും വിലയിരുത്തണം. ഔദ്യോഗിക രഹസ്യങ്ങൾ പരസ്യമാക്കാതെ കാത്തുസൂക്ഷിക്കാൻ, ഗൗരവാവഹവും ആനുപാതികവുമായ അസാധാരണ കാരണങ്ങൾ ഉള്ളപ്പോൾ ഒഴിച്ച്, എപ്പോഴും കടമയുണ്ട്. രഹസ്യത്തിന്റെ മുദ്രയിൻകീഴിൽ നൽകപ്പെട്ടിരിക്കുന്ന വിശ്വസ്തവിവരങ്ങളോടുള്ള ആദരവും ഇതാവശ്യപ്പെടുന്നു.

**സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളുടെ ഉപയോഗം എങ്ങനെയായിരിക്കണം?**

മാധ്യമങ്ങൾ വഴിയുള്ള വിവരം നൽകൽ പൊതുനന്മയുടെ സേവനത്തിനുള്ളതായിരിക്കണം. അതിന്റെ ഉള്ളടക്കത്തിൽ അത് സത്യവും സമഗ്രവും ആയിരിക്കണം. നീതിയിലും ഉപവിയിലും അധിഷ്ഠിതവുമായിരിക്കണം. ധാർമ്മിക നിയമങ്ങളും വ്യക്തിയുടെ ന്യായമായ അവകാശങ്ങളും മഹത്വവും വലിയ കൃത്യതയോടെ ആദരിച്ചുകൊണ്ട് സത്യസന്ധവും മാന്യവുമായ രീതിയിൽ അത് പ്രകാശിപ്പിക്കുകയും വേണം.

**സത്യവും സൗന്ദര്യവും വിശുദ്ധകലയും തമ്മിൽ എന്തു ബന്ധമാണുള്ളത്?**

സത്യം അതിൽത്തന്നെ സൗന്ദര്യമാണ്. ആത്മീയ സൗന്ദര്യത്തിന്റെ പ്രഭ അത് സംവഹിക്കുന്നു. വാക്കിനപ്പുറം സത്യത്തിന്റെ പ്രകാശനത്തിന്റെ നിരവധി രൂപങ്ങൾ നിലനിൽക്കുന്നുണ്ട്; സവിശേഷമായി കലാപരമായ സൃഷ്ടികൾ. ദൈവം നൽകിയ കഴിവിന്റെയും മനുഷ്യന്റെ അദ്ധ്വാനത്തിന്റെയും ഫലമാണ് അവ. വിശുദ്ധകല സത്യവും സൗന്ദര്യവും ആകുന്നതിന് ക്രിസ്തുവിൽ പ്രത്യക്ഷപ്പെട്ട ദൈവികരഹസ്യം അത് തമ്മിൽ ഉണർത്തുന്നതും അതിനെ മഹത്വപ്പെടുത്തുന്നതുമായിരിക്കണം. സ്രഷ്ടാവും രക്ഷകനുമായ ദൈവത്തെ അവിടുന്ന് സത്യത്തിന്റെയും സ്നേഹത്തിന്റെയും സർവ്വാതിശായിയായ സൗന്ദര്യമാണ്-ആരാധിക്കുന്നവിലേയ്ക്കും സ്നേഹിക്കുന്നിലേയ്ക്കും നയിക്കുന്നതുമാകണം.

## ഒൻപതാം കല്പന: അന്യന്റെ ഭാര്യയെ ആഗ്രഹിക്കരുത്

**എന്താണ് ഒൻപതാം കല്പന ആവശ്യപ്പെടുന്നത്?**

ചിന്തയിലും ആഗ്രഹത്തിലുമുള്ള ശാരീരികാസക്തിയെ കീഴടക്കാൻ ഒൻപതാം കല്പന ആവശ്യപ്പെടുന്നു. ജഡികാസക്തിക്കെതിരെയുള്ള സമരം ഹൃദയത്തിന്റെ ശുദ്ധീകരണത്തിലൂടെയും ആത്മസംയമനമെന്ന പുണ്യത്തിന്റെ അഭ്യസനത്തിലൂടെയും കടന്നുപോകുന്നു.

(തുടരും)

*പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്

Published and edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra P.O., Kanjirapally
Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com

SHAIJU.CHACKO7@GMAIL.COM

Private circulation